**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 49** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ മേഖലയിലെ തൊഴിൽ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡാനന്തര കാലത്ത് ഡിജിറ്റൽ ജോലികൾ ചെയ്യുന്നവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | i) കോവിഡാനന്തര കാലത്ത് സർക്കാർ ഐ.ടി. പാർക്കുകളുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് പ്രചാരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നിർവഹിക്കുകയും തൽഫലമായി ഐ.ടി. കമ്പനികളിലെ തൊഴിലവസരങ്ങളും, മികച്ച തൊഴിലന്തരീക്ഷവും ഉദ്യോഗാർത്ഥികൾക്കും, പുതിയ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഒരുപോലെ സഹായകരമായിട്ടുണ്ട്. ii) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ കേരളത്തിലെ ഐ. ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി. /ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവുകളും മറ്റ് ആനുകൂല്യങ്ങളും വലിയതോതിൽ ആശ്വാസം നല്കുകയും ഐ. ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് ടെക്നോപാർക്കിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാകുകയും അത് വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും കാരണമായിട്ടുണ്ട്. iii) വൈദഗ്ധ്യം ഉള്ളവരും ഡിജിറ്റൽ തൊഴിലുകളിൽ നിന്നു ഒഴിവാക്കപ്പെട്ടവർക്കും കേരളത്തിലിരുന്നു അവരവരുടെ യോഗ്യതയ്ക്കും അനുഭവസമ്പത്തിനും അനുയോജ്യമായ തൊഴിലുകൾ ലഭ്യമാക്കാനും അത്തരം തൊഴിലുകൾക്കാവശ്യമായ ഹ്രസ്വകാല-ദീർഘകാല പരിശീലനങ്ങൾ നേടുന്നതിനും സാഹയകമായ ഒരു പദ്ധതി കെ-ഡിസ്കിന് കീഴിൽ "കേരള നോളജ് ഇക്കോണമി മിഷൻ" എന്ന പേരിൽ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. iv) ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ ഐ.ടി.ഇ.എസ് മേഖലകളിലെ വൻകിട കമ്പനികളെ സംസ്ഥാനത്തെ ഐ.ടി പാർക്കുകളിലുള്ള "കോവർക്കിംഗ് സ്പെയിസ്" സംവിധാനം ശ്രദ്ധയിൽപ്പെടുത്തി അവ |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തിക്കൊണ്ട് "റിമോട്ട് വർക്ക് ഫോഴ്സ്" വഴി ഈ കമ്പനികളുടെ ബിസിനസ്സ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഡിജിറ്റൽ ജോലികൾ ചെയ്യുന്നവർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡിജിറ്റൽ മേഖലയിൽ ജോലി ചെയ്യുന്നവരെയും തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിച്ച് അനുയോജ്യമായ തൊഴിലും അതിനാവശ്യമായ നൈപുണ്യങ്ങളും ആർജ്ജിക്കാൻ സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം-DWMS വഴിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. |
| (സി) | ഡിജിറ്റൽ മേഖലയിൽ തൊഴിൽ ലഭിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ബാധ്യത ഏറ്റെടുക്കാൻ സ്വീകരിക്കുന്ന നടപടികളെകുറിച്ച് വിശദമാക്കാമോ; | (സി) | ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുകയും പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി ക്ഷേമപദ്ധതി രൂപീകരിച്ച് ആയതിന്റെ നടത്തിപ്പ് കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുവാൻ അർഹതയുള്ളതും പദ്ധതി ആനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതുമാണ്. 2021-ലെ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാർക്കും, സംരംഭകർക്കും പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം, മരണാനന്തര ചെലവ് എന്നീ ആനുകൂല്യങ്ങൾ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ മേഖലയിൽ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമായി ധാരണാപത്രങ്ങൾ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ? | (ഡി) | കേരള നോളജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്ന '20 ലക്ഷം അഭ്യസ്തവിദ്യർക്കുള്ള തൊഴിൽ' പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്ന (Platform of Platforms) DWMS എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആണ്. ഇതിലെ വിവിധ പ്രവർത്തനങ്ങൾക്കായി ദേശീയ-അന്തർ ദേശീയ തലങ്ങളിൽ സമാനമായ പ്രവർത്തനങ്ങൾ നടത്തുന്ന ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുമായി ചർച്ചകൾ നടന്നുവരുന്നു. www.monsterindia.com എന്ന ഡിജിറ്റൽ തൊഴിൽദായക പ്ലാറ്റ്ഫോമുമായി ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ